അഴീക്കോട് ആയുർവ്വേദ ആശുപത്രിയുടെ കെട്ടിടം പണി

1748 [2650] ശ്രീ. പി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് ആയുർവ്വേദ ആശുപത്രി കെട്ടിടം പണിയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ?

ഉത്തരം

(എ, ബി) അഴീക്കോട് ആയുർവ്വേദ ആശുപത്രി കെട്ടിടം പുതുക്കി പണിയുവാൻ വേണ്ട നിർദ്ദേശം പൊതുമരാമത്തു വകുപ്പിന് നൽകിയിട്ടുണ്ട്.

വൈദ്യരത്നം പി. എസ്. വാര്യർ ആയുർവ്വേദ കോളേജ്

[2651] ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കലിലെ വൈദ്യരത്നം പി.എസ്. വാര്യർ ആയുർവ്വേദ കോളേജിന്റെ ഇപ്പോഴത്തെ ശോചനീയാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

കോട്ടയ്ക്കലിലെ ആയുർവ്വേദ കോളേജ്

1749 [2652] ശ്രീ. എ.കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കലിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ കോളേജിന്റെ മാനേജ്മെന്റ് ആരുടെ നിയന്ത്രണത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇത് ഒരു സ്വകാര്യ കോളേജാണോ, അതോ ഒരു സഹകരണ സ്ഥാപനത്തിന്റെ കീഴിലാണോ പ്രവർത്തിക്കുന്നത്;

(സി) ഇതിന്റെ ഭരണസമിതിയിലെ ഘടന എന്താണ്; ആരൊക്കെയാണ് അംഗങ്ങൾ;

(ഡി) കോട്ടയ്ക്കൽ ആയുർവ്വേദ കോളേജിൽ ഇപ്പോൾ നിലവിലുള്ള കോഴ്സിന് അംഗീകാരം ലഭിക്കുന്നതിന് യൂണിവേഴ്സിറ്റി നിർദ്ദേശിച്ച നിബന്ധനകളും സൗകര്യങ്ങളും എന്തൊക്കെയാണ്;

(ഇ) ഈ സൗകര്യങ്ങൾ എല്ലാം ഏർപ്പാട് ചെയ്യുന്നതിന് ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) യൂണിവേഴ്സിറ്റി നിബന്ധനകൾ പാലിക്കാത്തതു മൂലം അടുത്ത അദ്ധ്യയനവർഷം മുതൽ അഡ്മിഷൻ നടത്തരുതെന്നു യൂണിവേഴ്സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഈ സാഹചര്യത്തിൽ കോളേജിന്റെ പ്രവർത്തനം സ്തംഭിക്കാതിരിക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(എച്ച്) വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും, ഭാവിയെ സാരമായി ബാധിക്കുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ). കേരളാ ആയുർവ്വേദിക് സ്റ്റഡീസ് ആൻഡ് റിസർച്ച് സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ്.

(ബി) ഗവൺമെന്റ് പങ്കാളിത്തമുള്ള ടി സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജാണിത്.

(സി) കോളേജിന്റെ ഭരണപരമായ കാര്യങ്ങൾ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയിലും, ദൈനംദിന ഭരണകാര്യങ്ങൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും നിക്ഷിപ്തമാണ്.

ഗവേണിംഗ് ബോഡിയിൽ താഴെ പറയുന്നവർ അംഗങ്ങളാണ്.

1. ആരോഗ്യ വകുപ്പുമന്ത്രി — ചെയർമാൻ
2. മാനേജിംഗ് ട്രസ്റ്റി — കോട്ടയ്ക്കൽ ആര്യവൈദ്യശാല വൈസ് ചെയർമാൻ.
3. ഗവൺമെന്റ് സെക്രട്ടറി, ആരോഗ്യവകുപ്പ് — മെമ്പർ.
4. ഡയറക്ടർ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ — മെമ്പർ
5. ഡിസ്ട്രിക്ട് കളക്ടർ, മലപ്പുറം — മെമ്പർ.
6. അഡ്വൈസർ, ആയുർവ്വേദ, ആൻഡ് സിദ്ധ മെഡിസിൻ, ഇന്ത്യാ ഗവൺമെന്റ് — മെമ്പർ
7. ശ്രീ. പി.ആർ. വാരിയർ, ബാഞ്ച് മാനേജർ, ആര്യവൈദ്യശാല, തിരുവനന്തപുരം — മെമ്പർ
8. ശ്രീ. പി. എസ്. വാരിയർ, ചീഫ് ഫിസിഷ്യൻ, ആര്യവൈദ്യശാല, കോട്ടയ്ക്കൽ — മെമ്പർ
9. ശ്രീ. പി. വി. ശങ്കുണ്ണി വാര്യർ, ഐ.എ.എസ്. (റിട്ടയേർഡ്) ജനറൽ മാനേജർ, ആര്യവൈദ്യശാല, കോട്ടയ്ക്കൽ — മെമ്പർ
10. ഡോ: അച്യുതൻ, ട്രസ്റ്റി, ആര്യവൈദ്യശാല, കോട്ടയ്ക്കൽ — മെമ്പർ

എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളാണ്.

1. ഗവൺമെന്റ് സെക്രട്ടറി, ആരോഗ്യവകുപ്പ് — ചെയർമാൻ
2. ഡയറക്ടർ, ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ — മെമ്പർ
3. ജില്ലാകളക്ടർ, മലപ്പുറം — മെമ്പർ
4. മാനേജിംഗ് ട്രസ്റ്റി, ആര്യവൈദ്യശാല, കോട്ടയ്ക്കൽ — മെമ്പർ
5. ശ്രീ. പി.എസ്. വാര്യർ, ചീഫ് ഫിസിഷ്യൻ, ആര്യവൈദ്യശാല, കോട്ടയ്ക്കൽ — മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 90 കിടക്കകളോടുകൂടിയ ആശുപത്രി പണിയുക, നിലവിലുള്ള ഡിപ്പാർട്ടുമെന്റുകൾ നവീകരിക്കുക, കായ ചികിൽസ, ശല്യചികിൽസ, പ്രസൂതിതന്ത്രം എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ഡിപ്പാർട്ടുമെന്റുകൾ ഉണ്ടാക്കുക, ഓപ്പറേഷൻ തിയേറ്ററിലും, വിഷ ചികിൽസാ വിഭാഗത്തിലും സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ നിബന്ധനകൾ ആണ് യൂണിവേഴ്സിറ്റി നിർദ്ദേശിച്ചത്.

(ഇ) പൂർണ്ണമായി കഴിഞ്ഞിട്ടില്ല.

(എഫ്) 1986-87 അദ്ധ്യയനവർഷം, ഒന്നാംവർഷ ബി.എ. എം.എസ്. കോഴ്സിനുള്ള അഡ്മിഷൻ, ഇന്റിയൊറേറിയിപ്പ് ഉണ്ടാകുന്നതുവരെ നടത്തരുതെന്ന് അറിയിച്ചിട്ടുണ്ട്.

(ജി) കോളേജിൽ പുതിയതായി ഏർപ്പെടുത്തിയ സൗകര്യങ്ങൾ കാണിച്ചുകൊണ്ട് കേന്ദ്രീകൃത യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്ക് എഴുതിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി എടുത്ത തീരുമാനം പുനഃപരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

(എച്ച്) നടപടി സ്വീകരിച്ചു വരികയാണ്.

അനങ്ങനടി പഞ്ചായത്തിൽ ആയുർവ്വേദ ഡിസ്പെൻസറി

1750 [2653] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്കിലെ അനങ്ങനടി പഞ്ചായത്തിൽ 1981-ൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടോ;

(ബി) ഈ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് 50 സെന്റ് സ്ഥലം നാട്ടുകാർ സംഭാവന ചെയ്തിട്ടുണ്ടോ;

(സി) കെട്ടിടം പണിയാനുള്ള സാമ്പത്തിക ശേഷി ഇല്ലെന്ന് അനങ്ങനടി പഞ്ചായത്ത് അറിയിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് 50 സെന്റ് സ്ഥലത്ത് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്പോഴത്തെ ഡിസ്പെൻസറി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വാടക ഗവൺമെന്റു നൽകുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ ഡിസ്പെൻസറിക്ക് കെട്ടിടം പണിയുന്നതിനായി സ്ഥലം ലഭിച്ചിട്ടുള്ളതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ എത്ര സെന്റ് സ്ഥലമാണെന്ന് പഞ്ചായത്തിൽനിന്ന് അറിവ് കിട്ടിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഡിസ്പെൻസറി അനുവദിച്ചുകൊണ്ടുള്ള ഉത്തരവിലെ വ്യവസ്ഥ അനുസരിച്ച് സ്ഥലവും കെട്ടിടവും ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയായതിനാൽ ടി ഡിസ്പെൻസറിക്ക് ഡിപ്പാർട്ടുമെന്റിൽനിന്നും കെട്ടിടം പണിയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly